LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സേനയിലെ ക്രിമിനൽ കേസ്സുകളിൽ പ്രതിയായ ഉദ്യോഗസ്ഥന്മാർ

252 (262) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ വിവിധ ക്രിമിനൽ കേസ്സുകളിൽ പ്രതിയായ എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ട് ; കേഡർ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) വകുപ്പുതലത്തിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) ഇത്തരത്തിൽ ക്രിമിനൽ കേസ്സിൽ പ്രതികളായവരെ കോടതി ശിക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 691. കേഡർ തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

തൊടുപുഴ ന്യൂമാൻസ് കോളേജ് പ്രിൻസിപ്പലിനെ ആക്രമിച്ച സംഭവം

253 (263) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ ന്യൂമാൻസ് കോളേജിൽ പ്രിൻസിപ്പലിനെയും പോലീസിനെയും ആക്രമിച്ചവർക്കെതിരെ പോലീസ് ഏതെല്ലാം വകുപ്പുകൾ പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി ; വിശദമാക്കാമോ ;

(ബി) സ്ഥലം എസ്.ഐ. യുടെ നെഞ്ചിൽ കുത്തിപ്പിടിച്ച് തള്ളുകയും തൊപ്പി തട്ടിത്തെറിപ്പിക്കുകയും ചെയ്തവർക്കെതിരെ ഏതെല്ലാം കുറ്റത്തിന് ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേസ്സുകളുടെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ആരെയെല്ലാം അറസ്റ്റ് ചെയ്യുകയും റിമാന്റ് ചെയ്യുകയുണ്ടായി; എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട് ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതു സംബന്ധിച്ച് തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1367/15 u/s 143, 147, 451, 341, 506(1) r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഇതു സംബന്ധിച്ച് പ്രത്യേകമായി കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) കേസ് അന്വേഷണാവസ്ഥയിൽ ആണ്. 10 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കണ്ടാലറിയാവുന്ന 30-ഓളം പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ ആരെയും റിമാന്റ് ചെയ്തിട്ടില്ല. അറസ്റ്റ് ചെയ്യപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു :

1. നിയാസ് കെ. ഇസ്മായേൽ, S/o. ഇസ്മായേൽ
2. മാത്യു കെ. ജോൺ, S/o. ജോണി
3. ലിനോ ജോസ്, S/o. ജോസ്
4. റിയാദ് ഒ.എ., S/o. അസീസ്
5. ഷെഫിൻസ് വി. കെ., S/o. കുഞ്ഞുമുഹമ്മദ്
6. അൽ അമീൻ അബൂബക്കർ, S/o. അബൂബക്കർ
7. ആൽവിൻ ജോയ്, S/o. ജോയ്
8. സജു സെബാസ്റ്റ്യൻ
9. അമൽ ജോസ്, S/o. ജോസ്
10. ആംസൺ വർഗീസ്, S/o. മത്തായി വർഗീസ്

ഓൺലൈൻ പെൺവാണിഭം

254 (264) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓൺലൈൻ പെൺവാണിഭംനടത്തുന്ന സംഘങ്ങൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇത്തരം എത്ര സംഘങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത് ; ഇവരിൽ എത്ര പേരെയാണ് ഇതുവരെ അറസ്റ്റ് ചെയ്തിട്ടുള്ളത് ;